## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 539 | 10.06.2014 ലെ മറുപടിയ്ക്ക്

### ലോട്ടറി രംഗം കാര്യക്ഷമമാക്കുന്നതിനായുള്ള കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. എം.പി. വിൻസെന്റ് : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ലോട്ടറിരംഗം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. വിശദമാക്കുമോ ; | (എ) ലോട്ടറി രംഗം കാര്യക്ഷമമാക്കുന്നതിനായി ഭാഗ്യക്കുറി വിൽപനക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യം പരിഗണനയിലുണ്ട്. ഭാഗ്യക്കുറി നറുക്കെടുപ്പിന്റെ തത്സമയ സംപ്രേക്ഷണം പ്രാബല്യത്തിൽ വരുത്തുന്ന വിഷയം പരിശോധിച്ചു വരികയാണ്. ആവശ്യം ഉണ്ടാകുന്ന മുറയ്ക്ക് കൂടുതൽ ടിക്കറ്റുകൾ അച്ചടിച്ചും സമ്മാന ഘടന പരിഷ്കരിച്ചും വില്പന വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ഭാഗ്യക്കുറി വകുപ്പിന്റെ വിവിധ വിഷയങ്ങളെക്കുറിച്ച് പഠിക്കുന്നതിന് 13.12.2013-ലെ സ.ഉ.(സാ) നമ്പർ 973/13/നി.വ. പ്രകാരം ശ്രീ. ഡി.പ്രേമ ചന്ദ്രനെ (റിട്ട. ജില്ലാ ജഡ്ജി) ഏകാംഗ കമ്മീഷനായി നിയമിച്ചിരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കമ്മീഷന്റെ അന്വേഷണ പരിധിയിൽ എന്തെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | 1. ടിക്കറ്റ് വിതരണത്തിലെ വിവേചനം,ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് ലഭിക്കുന്നില്ല എന്ന അക്ഷേപം.<br>2. ഏജന്റുമാർ തമ്മിൽ ടിക്കറ്റ് പരസ്പരം കൈമാറി ഏജന്റ് കമ്മീഷൻ തിരിമറി നടത്തുന്ന പ്രവണത.<br>3. ഒരേ നമ്പരിലുള്ള രണ്ടു ടിക്കറ്റുകൾ വിതരണം ചെയ്ത സംഭവം, ടിക്കറ്റ് പ്രിന്റിംഗിലേയും വിതരണത്തിലേയും നിലവിലുള്ള അപാകതകൾ.<br>4. ടിക്കറ്റ് വിൽപന മൂലം ലഭിക്കുന്ന തുക യഥാസമയം ട്രഷറിയിൽ അടക്കാതിരിക്കുന്ന വീഴ്ച.<br>5. അന്യ സംസ്ഥാന ലോട്ടറിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിൽ വേണ്ടത്ര ശുഷ്ക്കാന്തി ഇല്ലായ്മ. |
| (ഡി) | സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ കാരുണ്യ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനും കൂടുതൽ ലോട്ടറികൾ ആരംഭിക്കുന്നതിനുമുള്ള നടപടി കമ്മീഷന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ; | (ഡി) & (ഇ) | കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |
| (ഇ) | കമ്മീഷന്റെ റിപ്പോർട്ട് എന്ന് ലഭ്യമാകും; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.